"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് -പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിലെ യാക്കര വില്ലേജിൽ ഉൾപ്പെട്ട ബ്ലോക്ക് 181 ൽ റീ. സ.നം.10 ൽ പ്പെട്ട 70 സെന്റ് ഭൂമി പാലക്കാട് നഗരസഭയ്ക്ക് വേണ്ടി കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിലുൾപ്പെടുത്തി സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരവും മറ്റ് നിബന്ധനകൾക്ക് വിധേയമായും ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തികൊണ്ട് കൈവശാവകാശം തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.66/2022/RD തീയതി,തിരുവനന്തപുരം, 04-03-2022

---

പരാമർശം:-

1. സ.ഉ.(കൈ) നമ്പർ.66/2013/റവ തീയതി 23.02.2013
2. സ.ഉ.(കൈ) നമ്പർ.376/2015/റവ തീയതി 06.08.2015
3. പാലക്കാട് ജില്ലാ കളക്ടറുടെ 07.12.2019-ലെ DCPKD/3992/2018-LRG9 നമ്പർ കത്ത്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 25.01.2020-ലെ എൽ.ആർ (ജെ4) – 12852/11 നമ്പർ കത്ത്.

**ഉത്തരവ്**

ഇന്ത്യൻ ടെലികോം ഇൻഡസ്ട്രീസ് പാലക്കാട്ന് ലാൻഡ് അക്വിസിഷൻ മുഖേന സർക്കാർ ഏറ്റെടുത്ത് നൽകിയതും ഭൂമി ഏറ്റെടുത്ത ആവശ്യത്തിന് വേണ്ടി വർഷങ്ങളായി ഉപയോഗിക്കാത്തതിനാൽ തിരിച്ചെടുത്ത ഭൂമിയിൽ നിന്നും 50 ഏക്കർ ഭൂമി സർക്കാർ മെഡിക്കൽ കോളേജ് നിർമ്മാണത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ യാക്കര വില്ലേജിൽ ഉൾപ്പെട്ട ബ്ലോക്ക് 181ൽ റീ. സ.നം. 4 ൽ പ്പെടുന്ന 1.5 ഏക്കർ ഭൂമിയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിനായി തദ്ദേശസ്വയം ഭരണ വകുപ്പിന് ഉപയോഗാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പരിസരവാസികളുടെ എതിർപ്പിനെത്തുടർന്ന് പ്രസ്തുത സ്ഥലം വിനിയോഗിച്ചിരുന്നില്ലെന്നും ടി ഭൂമിയ്ക്ക് പകരം സൂചന(1)പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കൈവശമുള്ള യാക്കര വില്ലേജിലെ ബ്ലോക്ക് 181 ൽ റീ.സ.നം. 10 ൽ ഉൾപ്പെട്ടിട്ടുള്ള 70 സെന്റ് ഭൂമി നഗരസഭയ്ക്ക് കൈമാറാവുന്നതാണെന്നും പാലക്കാട് ജില്ലാ കളക്ടർ പരാമർശം(3) പ്രകാരം അറിയിക്കുകയുണ്ടായി.

3) റവന്യൂ വകുപ്പ് IIMS, പാലക്കാടിന് 50.47 ഏക്കർ ഭൂമി കൈവശം നൽകിയിട്ടുണ്ട്.എയിംസ് മാർഗ്ഗനിർദ്ദേശപ്രകാരം മെഡിക്കൽ കോളേജിന് 20ഏക്കറും നഴ്സിംഗ് കോളേജിന് 3 ഏക്കറുമാണ് ആവശ്യമുള്ളതെന്നും അനുവദിച്ചിരിക്കുന്ന ഭൂമിയിൽ നിന്നും മെഡിക്കൽ കോളേജിന്റെ ആവശ്യത്തിനുശേഷം അധികമുള്ള ഭൂമി ഉൾപ്പെട്ടുവരുന്ന 70സെൻ്റ് സ്ഥലത്താണ് ടി സെപ്റ്റേജ്

ട്രീറ്റ്മെന്റ് പ്ളാന്റ് സ്ഥാപിക്കുന്നത്.മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തെ ബാധിക്കാത്തരീതിയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റ് സ്ഥാപിക്കാവുന്നതാണെന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതായും സൂചന(4)പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിലെ യാക്കര വില്ലേജിൽ ഉൾപ്പെട്ട ബ്ലോക്ക് 181 ൽ റീ. സ.നം.10 ൽ പ്പെട്ട 7 0 സെന്റ് ഭൂമി പാലക്കാട് നഗരസഭയ്ക്ക് വേണ്ടി കേന്ദ്രസർക്കാരിന്റെ അമൃത് പദ്ധതിയിലുൾപ്പെടുത്തി സെപ്റ്റജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനായി പ്രസ്തുത ഭൂമി റവന്യൂവകുപ്പിൽ നിക്ഷിപ്തമാക്കി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരവും മറ്റ് നിബന്ധനകൾക്ക് വിധേയമായും ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തികൊണ്ട് കൈവശാവകാശം തദ്ദേശസ്വയം ഭരണ വകുപ്പിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ :

ii. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല ;

iii. ഭൂമി പാട്ടത്തിന് / ഉപപാട്ടത്തിന് / തറവാടകയ്ക്ക് നൽകുവാനോ , അന്യാധീനപ്പെടുത്തുവാനോ പാടില്ല ;

iv. ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും തദ്ദേശസ്വയം ഭരണ വകുപ്പ് തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ് ;

v. ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല , അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂട്ടി അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ . കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ് .

vi. ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ് .

vii. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

5) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ പാലക്കാട് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

അക്കൌണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്

തഹസിൽദാർ, പാലക്കാട് താലൂക്ക്, പാലക്കാട്

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

തദ്ദേശസ്വയം ഭരണ വകുപ്പ്

റവന്യൂ (പി) വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ് (2.2.202ലെ മന്ത്രിസഭായോഗ തീരുമാനം ഇനം. നം.529 പ്രകാരം)

ധനകാര്യ വകുപ്പ് (EXP-A1/76/2022-FIN)

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ